**മധുരമായ കുട്ടികളെ- ഇപ്പോൾ നിങ്ങൾക്ക് ശാന്തിയുടേയും സുഖത്തിന്റേയും ഗോപുരത്തിലേയ്ക്ക് പോകണം അതിനാൽ തന്റെ സ്വഭാവ-സംസ്കാരങ്ങളുടെ ഉദ്ധാരണം നടത്തൂ, പഴയതിനെ പരിവർത്തനപ്പെടുത്തു.**

**ചോദ്യം-** ബുദ്ധി സദാ റിഫ്രഷ് ആയിരിക്കുന്നതിനുള്ള യുക്തി എന്താണ്?

**ഉത്തരം-** ബാബ എന്താണോ കേൾപ്പിക്കുന്നത് അത് മഥനം ചെയ്യൂ, വിചാര സാഗര മഥനം ചെയ്യുന്നതിലൂടെ ബുദ്ധി സദാ റിഫ്രഷായിരിക്കും. ആരാണോ സദാ റിഫ്രഷായിരിക്കുന്നത് അവർക്ക് മറ്റുള്ളവരുടെ സേവനവും ചെയ്യാൻ സാധിക്കും. അവരുടെ ബാറ്ററി സദാ ചാർജ്ജ് ആയിക്കൊണ്ടിരിക്കും എന്തുകൊണ്ടെന്നാൽ വിചാര സാഗര മഥനം ചെയ്യുന്നതിലൂടെ സർവ്വശക്തിവാനായ അച്ഛനുമായി സദാ കണക്ഷൻ (സംബന്ധം) യോജിച്ചിരിക്കും.

**ഗീതം-** നയനഹീനർക്ക് വഴി കാണിക്കൂ.........

**ഓംശാന്തി.** ഈ ഗീതവും മനുഷ്യർ പാടിയതാണ്. പക്ഷേ അർത്ഥം ഒന്നും അറിയുന്നില്ല. എങ്ങനെയാണോ മറ്റു പ്രാർത്ഥനകൾ ചെയ്യുന്നത് അതുപോലെ ഇതും ഒരു പ്രാർത്ഥനയാണ്. പരമാത്മാവിനെ അറിയുന്നേയില്ല. അഥവാ പരമാത്മാവിനെ അറിയുകയാണെങ്കിൽ സർവ്വതും അറിയുമായിരുന്നു. കേവലം പരമാത്മാവ് എന്നു പറയുന്നു പക്ഷേ അവരുടെ ജീവിതകഥ ഒട്ടും അറിയുകയില്ല. എങ്കിൽ നയനഹീനരായില്ലേ. നിങ്ങൾക്ക് ഇപ്പോൾ ജ്ഞാനത്തിന്റെ മൂന്നാം നേത്രം ലഭിച്ചു, അതിനാലാണ് നിങ്ങളെ ത്രിനേത്രി എന്നു വിളിക്കുന്നത് . ലോകത്തിലുള്ളവർ ത്രിനേത്രി, ത്രികാലദർശി, ത്രിമൂർത്തീ എന്നീ വാക്കുകളെല്ലാം നന്നായി ഉപയോഗിക്കും പക്ഷേ അർത്ഥം ഒന്നും അറിയില്ല. സയൻസും സൈലൻസും തമ്മിൽ എന്താണ് സംബന്ധം എന്ന് ചോദിക്കാറുണ്ട്. ചോദ്യമൊക്കെ ചോദിക്കും പക്ഷേ ഉത്തരം സ്വയം ചോദിക്കുന്നയാൾക്കുപോലും അറിയില്ല. മുഴുവൻ ലോകത്തിലും ശാന്തിയുണ്ടാകണം എന്നു പറയുന്നു പക്ഷേ അത് എപ്പോഴാണ് ഉണ്ടായിരുന്നത്? ആരാൽ ശാന്തി സ്ഥാപിക്കപ്പെട്ടു? ഒന്നും തന്നെ അറിയില്ല. കേവലം ചോദിക്കുക മാത്രം ചെയ്യുന്നു, എന്നാൽ ഇതെല്ലാം അറിയുന്ന ആളുണ്ടെങ്കിൽ മാത്രമല്ലേ പറഞ്ഞുതരൂ. നിങ്ങൾ കുട്ടികൾക്ക് അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഈ മുഴുവൻ കളിയും ഉണ്ടാക്കപ്പെട്ടതാണ്. ശാന്തിയുടെ ഗോപുരം, സുഖത്തിന്റെ ഗോപുരം, എല്ലാത്തിനും ഗോപുരമുണ്ടാകും, ശാന്തിയുടെ ഗോപുരമാണ് മൂലവതനം, അവിടെയാണ് ആത്മാക്കൾ വസിക്കുന്നത്. അതിനെ സൈലൻസിന്റെ ഗോപുരം എന്നും പറയും. പിന്നീട് സത്യയുഗമാണ് സുഖത്തിന്റേയും ശാന്തിയുടേയും സമൃദ്ധിയുടേയും ഗോപുരം. നമ്മൾ ആത്മാക്കളുടെ വീട് മുക്തിധാമമാണ് എന്ന് ആരും പറയില്ല. ഈ കാര്യങ്ങളെല്ലാം ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്, ടീച്ചറാണെങ്കിൽ ഇങ്ങനെയായിരിക്കണം. ബാബ ജ്ഞാനത്തിന്റെ ഗോപുരമാണ്. നിങ്ങളേയും ശാന്തിയുടേയും സുഖത്തിന്റേയും ഗോപുരത്തിലേയ്ക്ക് കൊണ്ടുപോവുകയാണ്. ഇത് പിന്നെ ദുഃഖത്തിന്റെ ഗോപുരമാണ്. ഇവിടെ സർവ്വതും പതിതമാണ്. പവിത്രത, സുഖ, ശാന്തിയുടെ സമ്പത്ത് ഇപ്പോഴാണ് നിങ്ങൾ നേടുന്നത്. ഈ പുരുഷോത്തമ സംഗമയുഗത്തിനാണ് മഹത്വം, ഇതിനെയാണ് മംഗളകാരി യുഗം എന്നു പറയുന്നത്. കലിയുഗത്തിന് ശേഷം പിന്നീട് ഉണ്ടാകുന്നത് സത്യയുഗമാണ്. അത് സുഖത്തിന്റെ ഗോപുരമാണ്. മറ്റേത് ശാന്തിയുടെ ഗോപുരമാണ്. ഇവിടെയാണെങ്കിൽ ദുഃഖത്തിന്റെ ഗോപുരമാണ്. ഇവിടെ അളവറ്റ ദുഃഖമാണ്. എല്ലാ ദുഃഖവും ഒരുമിച്ച് കൂടിയിരിക്കുകയാണ്. ദുഃഖത്തിന്റെ പർവ്വതം ഇടിഞ്ഞുവീഴുക എന്ന് പറയാറില്ലേ, ഭൂകമ്പം ഉണ്ടാകുമ്പോൾ എത്രപേർ രക്ഷിക്കൂ രക്ഷിക്കൂ എന്നു പറഞ്ഞ് നിലവിളിക്കുന്നു.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇനി കുറച്ച് സമയമേ ബാക്കിയുള്ളു. കുട്ടികൾക്ക് ഓർമ്മയുടെ യാത്രയിൽ സമയം എടുക്കുന്നു. പൂർണ്ണമായി മനസ്സിലാക്കാത്ത വളരെയധികം പേരുണ്ട്. ബിന്ദുവാണോ, എങ്ങനെയാണ് മനസ്സിലാക്കേണ്ടതെന്ന് അറിയുന്നില്ല. അല്ലയോ മക്കളെ എങ്ങനെയാണോ ആത്മാവ് അതുപോലെത്തന്നെയാണ് പരമാത്മാവും. ആത്മാവിനെ അറിയാമല്ലോ, അത് ഭാഗ്യ നക്ഷത്രമാണ്. തീർത്തും സൂക്ഷ്മം. ഈ കണ്ണുകളാൽ കാണാൻ കഴിയില്ല. അതിനാൽ ഈ മുഴുവൻ കാര്യങ്ങളും അച്ഛൻ മനസ്സിലാക്കിത്തരുകയാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ വിചാരസാഗര മഥനം ചെയ്യുകയാണെങ്കിലും ബുദ്ധി റിഫ്രഷാകും. എവിടേയ്ക്ക് പോവുകയാണെങ്കിലും മനസ്സിലാക്കിക്കൊടുക്കണം ശാന്തിയുടേയും സുഖത്തിന്റേയും പവിത്രതയുടേയും ഗോപുരം പുതിയ ലോകമാണ്. പഴയ സ്വഭാവ-സംസ്കാരത്തെ ഉദ്ധരിച്ച്

ബാബ പുതിയ ലോകത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. മനുഷ്യർ മഹിമ പാടുന്നുണ്ടെങ്കിലും വേദങ്ങളും ശാസ്ത്രങ്ങളും ഗീതയും പഠിക്കുന്നുണ്ട് എങ്കിലും ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഏണിപ്പടി ഇറങ്ങിവരുകയാണ് ചെയ്യുന്നത്. സ്വയം ശാസ്ത്രങ്ങളുടെ പരമാധികാരിയാണ് എന്ന് കരുതുന്നുണ്ട് പക്ഷേ അവർക്കും ഇറങ്ങി വരുകതന്നെ വേണം. എല്ലാ ആത്മാക്കളും ആദ്യം സതോപ്രധാനമായിരുന്നു പിന്നീട് പതുക്കെ പതുക്കെ ബാറ്ററി കാലിയാവുന്നു, ഈ സമയത്ത് എല്ലാവരുടേയും ബാറ്ററി നാശത്തിന്റെ വക്കിലാണ്. ഇപ്പോൾ ബാറ്ററി വീണ്ടും ചാർജ്ജാവുകയാണ്. അച്ഛൻ പറയുന്നു മന്മനാഭവ. സ്വയം ആത്മാവാണെന്നു മനസ്സിലാക്കു. അച്ഛനാണ് സർവ്വശക്തിവാൻ അതിനാൽ അച്ഛനെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ പാപം ഇല്ലാതാകും നിങ്ങളുടെ ബാറ്ററി നിറയും. നിങ്ങൾ ഇപ്പോൾ നിങ്ങളുടെ ബാറ്ററി നിറയുന്നതായി അനുഭവം ചെയ്യുന്നുണ്ട്. ചിലരുടേത് നിറയുന്നുമില്ല. ഉദ്ധരിക്കുന്നതിനു പകരം പഴയതിലും മോശമാകുന്നു. ബാബാ ഞങ്ങൾ ഒരിയ്ക്കലും വികാരത്തിലേയ്ക്ക് പോവുകയില്ല എന്ന് ബാബയോട് പ്രതിജ്ഞയും ചെയ്യുന്നുണ്ട്. അങ്ങിൽ നിന്ന് 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പത്ത് തീർച്ചയായും എടുക്കും, എന്നിട്ടും വീണുപോകുന്നു. ബാബ പറയുന്നു കാമ വികാരത്തിനുമേൽ വിജയം നേടുന്നതിലൂടെ നിങ്ങൾ ജഗദ്ജീത്തായി മാറും. അഥവാ വീണ്ടും വികാരത്തിലേയ്ക്ക് പോവുകയാണെങ്കിൽ ബുദ്ധി നശിച്ചുപോകും. ഈ കാമം മഹാശത്രുവാണ്. പരസ്പരം കാണുമ്പോൾ കാമത്തിന്റെ തീ കത്തുന്നു. ബാബ പറയുന്നു നിങ്ങൾ കാമചിതയിലിരുന്ന് കറുത്തുപോയി, ഇപ്പോൾ നിങ്ങളെ വെളുത്തവരായി മാററുന്നു. ഇത് അച്ഛൻ തന്നെയാണ് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. പഠിപ്പിലൂടെയാണ് നിങ്ങളുടെ ബുദ്ധി തുറക്കുന്നത്. വൃക്ഷത്തെക്കുറിച്ചും വർണ്ണിക്കുന്നു. ഇതാണ് കല്പവൃക്ഷം. മനുഷ്യസൃഷ്ടിയുടെ വൈവിധ്യമായ വൃക്ഷമാണ്. ഇതിനെയാണ് തലകീഴായ വൃക്ഷം എന്നു പറയുന്നത്. എത്ര വൈവിധ്യമാർന്ന ധർമ്മങ്ങളാണ്. ഇത്രയും കോടിക്കണക്കിന് ആത്മാക്കൾക്ക് അവിനാശി പാർട്ട് ലഭിച്ചിട്ടുണ്ട്. രണ്ട് കൂട്ടർക്ക് ഒരുപോലുള്ള പാർട്ട് ലഭിക്കുകയില്ല. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിട്ടുണ്ട്. എത്രത്തോളം ആത്മാക്കളുണ്ടാകുമെന്ന് ചിന്തിക്കൂ. മത്സ്യത്തിന്റെ ഒരു കളിപ്പാട്ടമുണ്ടല്ലോ അതിൽ ചരടിലൂടെ മത്സ്യങ്ങൾ താഴേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു. അതുപോലെ നമ്മളും ഡ്രാമയുടെ ചരടിൽ ബന്ധിതരാണ്. ഇങ്ങനെ ഇറങ്ങി ഇറങ്ങി ഒരു കല്പം പൂർത്തിയായി ഇനി നമ്മൾ മുകളിലേയ്ക്ക് പോകും. ഇതും കുട്ടികൾക്ക് ഇപ്പോഴാണ് മനസ്സിലായത്. മുകളിൽ നിന്ന് ആത്മാക്കൾ വന്ന് നമ്പർവൈസായി അഭിനയിച്ചുകൊണ്ടിരിക്കും. ഈ കളിയിൽ നിങ്ങൾ പാർട്ടുധാരികളാണ്. മുഖ്യ അഭിനേതാവും, രചയിതാവും സംവിധായകനും ഉണ്ടാകുമല്ലോ. മുഖ്യമായത് ശിവബാബയാണ്. പിന്നീട് ഉള്ള അഭിനേതാക്കൾ ആരെല്ലാമാണ്? ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ. ഭക്തിമാർഗ്ഗത്തിലുള്ളവർ അനേകം ചിത്രങ്ങൾ ഉണ്ടാക്കി പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. ലക്ഷക്കണക്കിന് വർഷങ്ങളുണ്ടെന്ന് പറയുന്നു. ഇപ്പോൾ അച്ഛൻ വന്ന് മുഴുവൻ ജ്ഞാനവും നൽകുകയാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മുക്ക് സത്യയുഗത്തിൽ ഈ ജ്ഞാനം ഉണ്ടായിരിക്കില്ല. എങ്ങനെയാണോ ഇവിടെ കാര്യവ്യവഹാരങ്ങൾ നടക്കുന്നത് അതുപോലെ അവിടെ പവിത്രത സുഖ ശാന്തിയുടെ രാജധാനി നടക്കും. അച്ഛനും അത്ഭുതമാണ്, വളരെ ചെറിയ ബിന്ദുവാണ്. എങ്ങനെയാണോ നിങ്ങൾ അത്മാക്കൾ അച്ഛനിൽ നിന്നും മുഴുവൻ ജ്ഞാനവും എടുക്കുന്നത് അതുപോലെ ബ്രാഹ്മാവിന്റെ ആത്മാവും എടുക്കുന്നുണ്ട്. പിന്നെങ്ങനെ ബാബയ്ക്ക് രൂപത്തിൽ വലുതാകാൻ സാധിക്കും. ബാബയും ബിന്ദുവാണ്. നിങ്ങൾ ബിന്ദുരൂപത്തിലുള്ള ആത്മാവിൽ മുഴുവൻ ജ്ഞാനവും ധാരണയാവുകയാണ്. ഈ ജ്ഞാനം ഇനി കല്പത്തിനുശേഷമേ അച്ഛൻ നൽകുകയുള്ളു. റെക്കോർഡ് നിറഞ്ഞിരിക്കുന്നത് ആവർത്തിക്കാറില്ലേ. അതുപോലെ ആത്മാവിലും പാർട്ട് നിറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും അത്ഭുതകരമായ കാര്യങ്ങളുണ്ടെങ്കിൽ അതിനെ പ്രകൃതി എന്നു പറയാറുണ്ട്. അതുപോലെ ഈ അനാദിയായ ഡ്രാമയുടെ പാർട്ടിൽ നിന്നും ഒരാൾക്കും രക്ഷപ്പെടാൻ പറ്റില്ല. എല്ലാവർക്കും പാർട്ട് അഭിനയിക്കണം. ഇത് വളരെ അത്ഭുതകരമായ കാര്യങ്ങളാണ്, ആരാണോ ഇത് നന്നായി മനസ്സിലാക്കി ധാരണ ചെയ്യുന്നത് അവർക്ക് സന്തോഷത്തിന്റെ അതിര് വർദ്ധിക്കുന്നു. നിങ്ങൾക്ക് എത്ര സ്കോളർഷിപ്പാണ് ലഭിക്കുന്നത്. അതിനാൽ പുരുഷാർത്ഥം നല്ലരീതിയിൽ ചെയ്യണം. തനിക്കു സമാനമാക്കി മാറ്റണം. നിങ്ങൾ എല്ലാവരും ടീച്ചേഴ്സാണ്. ടീച്ചർ നിങ്ങളെ പഠിപ്പിച്ച് തനിക്കു സമാനം ടീച്ചറാക്കി മാറ്റുകയാണ്. നിങ്ങൾക്ക് ഗുരുവായും മാറണം എന്നല്ല. നിങ്ങൾ ടീച്ചറാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ രാജയോഗം പഠിപ്പിക്കുന്നു പിന്നീട് നിങ്ങൾ മുകളിലേക്ക് പോകുന്നു. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ലോകത്തിലുള്ളവർക്കാണെങ്കിൽ ഇത് അറിയില്ല, അവർക്ക് സദ്ഗതി നൽകാനും സാധിക്കില്ല. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേ ഒരു അച്ഛനല്ലേ. മുക്തിദാതാവും വഴികാട്ടിയും ബാബ തന്നെയാണ്. നിങ്ങൾ മുകളിൽ നിന്ന് വരുമ്പോൾ അച്ഛൻ വഴികാട്ടിയാകുന്നില്ല. അച്ഛൻ വഴികാട്ടിയാകുന്നത് ഇപ്പോഴാണ്. എപ്പോൾ നിങ്ങൾ വീട്ടിൽ നിന്ന് വരുന്നോ അപ്പോൾ വീട് മറക്കുന്നു. ഇപ്പോൾ നിങ്ങളും വഴികാട്ടികളാണ്. എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കുന്നു. അശരീരീ ഭവ. നിങ്ങൾക്ക് പാണ്ഡവ സേന എന്നപേരുകൂടിയുണ്ട്. ശരീരധാരിയാണല്ലോ. ഒറ്റയ്ക്കാകുമ്പോൾ സേന എന്നു പറയില്ല. ശരീരത്തിൽ ഇരുന്ന് നിങ്ങൾ എപ്പോഴാണോ മായ

യുടെ മേൽ വിജയം നേടുന്നത് അപ്പോഴാണ് നിങ്ങളെ സൈന്യം എന്നു വിളിക്കുന്നത്. അവർ പിന്നീട് യുദ്ധത്തെക്കുറിച്ച് എഴുതിവെച്ചിരിക്കുന്നു. ഇത് പരിധിയില്ലാത്ത കാര്യമാണ്. അവർ സമ്മേളനങ്ങൾ നടത്തുന്നു, സംസ്കൃത കോളേജുകൾ തുറക്കുന്നു. എത്രചിലവ് ചെയ്യുന്നു. ചിലവ് ചെയ്ത് ചെയ്ത് എല്ലാം കാലിയായി. വജ്രവും സ്വർണ്ണവും വെള്ളിയുമെല്ലാം കാലിയായി. ഇനി നിങ്ങൾക്കുവേണ്ടി എല്ലാം പുതിയതായി വരും. അതിനാൽ നിങ്ങൾ കുട്ടികൾക്ക് നടക്കുമ്പോഴും കറങ്ങുമ്പോഴുമെല്ലാം അത്രയും സന്തോഷം ഉണ്ടായിരിക്കണം. അച്ഛനേയും സമ്പത്തിനേയും ഓർമ്മിക്കണം. നിങ്ങളുടെ പാർട്ട് നടന്നുകൊണ്ടേയിരിക്കും. ഒരിയ്ക്കലും അവസാനിക്കുന്നതല്ല. ബാബ മനസ്സിലാക്കിത്തരുകയാണ്– നിങ്ങൾക്ക് നിങ്ങളുടെ ജന്മങ്ങളെക്കുറിച്ച് അറിയില്ല. ആദ്യമാദ്യം വരുന്നവർക്കാണ് 84 ജന്മത്തിന്റെ കണക്ക് പറയുന്നത്. നിങ്ങൾ കുട്ടികൾക്ക് അളവറ്റ സുഖം ലഭിക്കുന്നു. ആരോഗ്യത്തിന്റേയും സമ്പത്തിന്റേയും സന്തോഷത്തിന്റേയും ഗോപുരം ലഭിക്കുന്നു എങ്കിൽ എത്ര ലഹരിയുണ്ടാകണം. അച്ഛൻ നമ്മുക്ക് പരിധിയില്ലാത്ത സമ്പത്ത് തരുകയാണ്. നിങ്ങൾ എത്രത്തോളം സമീപത്തേയ്ക്ക് വരുന്നുവോ അത്രത്തോളം ആപത്തുകളും വരും. വൃക്ഷത്തിന്റെ അഭിവൃദ്ധിയും ഉണ്ടാകണം. അഥവാ വൃക്ഷം പാകപ്പെട്ടില്ലെങ്കിൽ കൊടുങ്കാറ്റടിച്ചാൽ പെട്ടെന്ന് തന്നെ പൊഴിഞ്ഞു വീഴും. ഇതും സംഭവിക്കുകതന്നെ വേണം.
നിങ്ങളുടെ പ്രഥമ ലക്ഷ്യത്തിന്റെ ചിത്രം മുന്നിലുണ്ട്. നിങ്ങൾക്ക് മറ്റൊരു ചിത്രവും വെയ്ക്കാൻ സാധിക്കില്ല. ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ അനവധി ചിത്രങ്ങൾ വെയ്ക്കുന്നു. ജ്ഞാനമാർഗ്ഗത്തിൽ ഒന്നേയുള്ളു. അതിന്റേയും ജ്ഞാനം ബുദ്ധിയിലാണുള്ളത്. അല്ലാതെ ബിന്ദുവിന്റെ ചിത്രം എങ്ങനെ എടുക്കാനാണ്. ആത്മാവ് നക്ഷത്രമല്ലേ. ഇതും മനസ്സിലാക്കേണ്ട കാര്യമാണ്. ആത്മാവിനെ ഈ കണ്ണുകളാൽ കാണാൻ സാധിക്കില്ല. വളരെയധികം പേർ പറയും ബാബാ ഞങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാകണം, വൈകുണ്ഠം കാണണം. പക്ഷേ കണ്ടതുകൊണ്ട് അതിന്റെ അധികാരിയാകില്ലല്ലോ. മനുഷ്യർ പറയാറുണ്ട് ഇന്നയാൾ സ്വർഗ്ഗത്തിലേയ്ക്കു പോയി. പക്ഷേ സ്വർഗ്ഗം എവിടെയാണ് എന്നത് അവർക്ക് അറിയില്ല. ഇപ്പോൾ ഏതെല്ലാം ആത്മാക്കളാണോ സ്വർഗ്ഗത്തിലേയ്ക്ക് പോയത് അവർ തന്നെയാണ് പറയുന്നത്. ആത്മാവിൽ സർവ്വതും ഓർമ്മയുണ്ടാകുമല്ലോ. ഇപ്പോൾ നിങ്ങളെ ഉയർന്നതിലും ഉയർന്ന അച്ഛൻ പഠിപ്പിക്കുകയാണ്, ഇതിലൂടെ നിങ്ങൾ ഉയർന്നതിലും ഉയർന്ന പദവി പ്രാപ്തമാക്കുന്നു. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് നരനിൽ നിന്നും നാരായണനായി തീർച്ചയായും മാറും.

ആരെല്ലാമാണോ ശാന്തിയ്ക്കു വേണ്ടി യാചിക്കുന്നത് അവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് നിങ്ങളുടെ ജോലി. ചിലർ മനസ്സിലാക്കുന്നുമുണ്ട് ഇവർ പറയുന്നത് കൃത്യമാണ്. ഭീഷ്മപിതാമഹനെപ്പോലെയുള്ളവർക്ക് കുമാരിമാരിലൂടെ ജ്ഞാനബാണം തറച്ചു എന്നും എഴുതപ്പെട്ടിട്ടുണ്ട്, ആ സമയവും വരും. അല്ലാതെ അർജ്ജുനൻ ബാണമെയ്തപ്പോൾ ഗംഗ വന്നു എന്നൊന്നുമില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ കേട്ടിട്ട് പറയുന്നു ഇന്ന സ്ഥലത്തു നിന്നാണ് ഗംഗ ഉത്ഭവിച്ചത്. ഗൗമുഖവും ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾ കാണുന്നുണ്ട് നിങ്ങളുടെ ഓർമ്മചിഹ്നങ്ങളും മുന്നിൽ നിൽക്കുന്നുണ്ട്. അത് ജഢമായ ദിൽവാഡാ ക്ഷേത്രവും ഇത് ചൈതന്യത്തിലുള്ള ദിൽവാഢയുമാണ്. അതിൽ മുകളിലായി വൈകുണ്ഠം കാണിച്ചിട്ടുണ്ട്. താഴെ തപസ്യ ചെയ്യുന്നു, മുകളിൽ രാജധാനി കാണിച്ചിരിക്കുന്നു അതിനാലാണ് മനുഷ്യർ കരുതുന്നത് സ്വർഗ്ഗം മുകളിലാണ്. ബോംബുണ്ടാക്കുന്നവർ സ്വയം മനസ്സിലാക്കുന്നുണ്ട് ഇത് ഞങ്ങളുടെതന്നെ വിനാശത്തിനുള്ളതാണ്. ഇങ്ങനെ ചെയ്യുകയാണെങ്കിൽ തീർച്ചയായും വിനാശമുണ്ടാകും എന്നു പറയുന്നു. മഹാഭാരതയുദ്ധത്തിൽ ഇങ്ങനെയെല്ലാം സംഭവിച്ചു എന്ന് എഴുതിവെച്ചിട്ടുണ്ട്, എല്ലാം നശിച്ചുപോയിരുന്നു. സത്യയുഗത്തിൽ ഒരേ ഒരു ധർമ്മമേയുള്ളു എങ്കിൽ തീർച്ചയായും ബാക്കിയുള്ളവ വിനാശമാകും. ഇതും കുട്ടികൾക്ക് അറിയാം ഭക്തി ചെയ്ത് ചെയ്ത് താഴേയ്ക്ക് ഇറങ്ങുകയാണ് ചെയ്തത് അതും ഡ്രാമാപ്ലാൻ അനുസരിച്ച്. വാസ്തവത്തിൽ ഇവിടെ ഒരു ആശീർവാദത്തിന്റേയും കാര്യമില്ല. എന്താണോ ഡ്രാമയിൽ ഉള്ളത് അതാണ് സംഭവിക്കുക. എന്തെങ്കിലുമൊക്കെ കാര്യങ്ങൾ സംഭവിക്കുകയാണെങ്കിൽ അത് ഈശ്വരന്റെ ഇച്ഛയാണ് എന്നു മനുഷ്യർ പറയും. എന്നാൽ നിങ്ങൾ അങ്ങനെ പറയില്ല. നിങ്ങൾ പറയുന്നു ഇതാണ് ഡ്രാമയുടെ ഭാവി. ഈശ്വരന്റെ ഇച്ഛയനുസരിച്ച് എന്നും നിങ്ങൾ പറയില്ല. എന്തുകൊണ്ടെന്നാൽ ഈശ്വരനും ഡ്രാമാ അനുസരിച്ചുള്ള പാർട്ടാണുള്ളത്. സൃഷ്ടിചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഇതും ബാബയ്ക്കേ മനസ്സിലാക്കിത്തരാൻ സാധിക്കു. ജ്ഞാനസാഗരനും ബാബ തന്നെയാണ്. മനുഷ്യർ കരുതുന്നത് ഭഗവാൻ എല്ലാവരുടേയും മനസ്സറിയുന്നയാളാണ് എന്നാണ്. പക്ഷേ നമ്മൾ എന്താണോ ചെയ്യുന്നത് അതിന്റെ ശിക്ഷ തീർച്ചയായും നമ്മുക്ക് തന്നെയാണ് ലഭിക്കുക. ബാബ ശിക്ഷ തരുകയൊന്നുമില്ല. ഇത് സ്വാഭാവികമായുമുള്ള പൂർവ്വനിശ്ചിതമായ നാടകമാണ്, ഇത് കറങ്ങികൊണ്ടേയിരിക്കും. ഇതിന്റെ ആദി മദ്ധ്യ അന്ത്യ രഹസ്യം ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾ പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ഇപ്പോൾ ബാബ പറയുകയാണ്, കുട്ടികളേ, നിങ്ങൾക്ക് അവസാന സമയത്ത് മറ്റൊന്നിന്റെയും ഓർമ്മ വരരുത് ഇങ്ങനെയൊരു അവസ്ഥയുണ്ടാക്കിയെടുക്കണം. സ്വയം ആത്മാവാ

ണെന്ന് മാത്രം മനസ്സിലാക്കുക, ഇതിനെയാണ് കർമ്മാതീത അവസ്ഥ എന്നു പറയുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം -

1. സ്കോളർഷിപ്പ് നേടുന്നതിനുവേണ്ടി നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യൂ. ടീച്ചറായി മറ്റുള്ളവർക്ക് രാജ യോഗം പഠിപ്പിച്ചുകൊടുക്കു. വഴികാട്ടിയായി എല്ലാവർക്കും വീട്ടിലേയ്ക്കുള്ള വഴികാണിച്ചുകൊടുക്കുന്ന സേവനം ചെയ്യൂ.

2. സർവ്വശക്തനായ അച്ഛന്റെ ഓർമ്മയിലൂടെ തന്റെ ബാറ്ററി ചാർജ് ചെയ്യണം. അച്ഛനോട് പ്രതിജ്ഞ ചെയ്തതിനുശേഷം ഒരിക്കലും കാമത്തിന്റെ മുറിവേൽക്കരുത്.

## വരദാനം - സേവനമനോഭാവത്തിലൂടെ സമ്പന്നമായി ഓരോ ആത്മാവിനേയും പ്രാപ് തിയുടെ ഫലത്തിന്റെ ഫലം ചെയ്യിപ്പിക്കുന്ന സത്യമായ സേവാധാരിയായി ഭവിക്കൂ.

ആരാണോ ഓരോ ആത്മാവിനേ പ്രതിയും ശുഭഭാവനാ ശ്രേഷ്ഠ കാമന വെക്കുന്നത് അവരാണ് സത്യമാ യ സേവാധാരി. അവർ വെറുതെ സംസാരിക്കുക മാത്രമല്ല ചെയ്യുന്നത് സേവാ ഭാവത്തിലൂടെ സർവ്വരേ പ്രതിയും സന്തോഷത്തിന്റെ ഭാവന, ശക്തികളുടെ പ്രാപ്തിയുടെ ഭാവന , ഉണർവ്വും ഉത്സാഹവും ഉയർ ത്തുന്നതിന്റെ ഭാവന വെച്ച് സഹയോഗത്തിന്റെ അനുഭൂതി ചെയ്യിപ്പിക്കുക ഇത് തന്നേയാണ് സത്യമായ സേവനം . ഇങ്ങനേയുള്ള സേവനത്തിൽ തപസ്യ അടങ്ങിയിട്ടുണ്ട്.

## സ്ലോഗൻ - ബാബയുടെ ആശീർവാദങ്ങൾ നേടണമെങ്കിൽ സ്നേഹിയും സൽപുത്രരും ആജ്ഞാക്കാരിയുമായ കുട്ടികളായി മാറൂ.

**അവ്യക്ത സൈലൻസിലൂടെ ഡബിൾലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ**

നിങ്ങൾ എത്രത്തോളം അന്തർമുഖിയും മധുരമായ സൈലൻസിന്റെ സ്വരൂപത്തിലും സ്ഥിതി ചെയ്യുന്നുവോ അത്രയും നയനങ്ങളുടെ ഭാഷ, ഭാവനയുടെ ഭാഷ, സങ്കൽപ്പത്തിന്റെ ഭാഷ, എന്നിവ സഹജമായി മനസി ലാക്കാൻ സാധിക്കും. ഈ ഭാഷ തന്നേയാണ് ആത്മീയ യോഗീ ജീവിതത്തിന്റെ ഭാഷ. താങ്കളുടെ സൈ ലൻസിന്റെ ശക്തി സയൻസിന്റെ ശക്തിയേക്കാൾ ഉയർന്നതാണ്. ഏത് പോലെ സയൻസ് പ്രത്യക്ഷ തെ ളിവ് കാണിക്കുന്നുവോ അത് പോലെ സൈലൻസിന്റെ ശക്തിയുടെ പ്രായോഗിക തെളിവാണ് നിങ്ങൾ കുട്ടികളുടെ ഡബിൾ ലൈറ്റ് ഫരിസ്താ ജീവിതം. ഇത്രയും പേർ പ്രായോഗിക തെളിവ് കാണിക്കുമ്പോൾ ആഗ്രഹിക്കാതെ തന്നെ എല്ലാവരുടേയും ദൃഷ്ടി പതിയും, ജയജയാരവം മുഴക്കും.